**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3228 — 13.3.2017 ലെ മറുപടിയ്ക്ക്

## നഗരസഭകളിലെ ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളപരിഷ്കരണ ആനുകൂല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ഡോ. കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പത്താം ശമ്പള കമ്മീഷൻ ശിപാർശകൾ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഈ ഉത്തരവ് നടപ്പാക്കി എന്നറിയിക്കാമോ; | (എ) | കേരളത്തിലെ കോർപ്പറേഷനുകളിലെയും നഗരസഭകളിലെയും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് സർക്കാരിന്റെ 17.08.2016 ലെ സ.ഉ. (എം.എസ്) 118/16/തസ്വഭവ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 6 കോർപ്പറേഷനുകളിലും 52 നഗരസഭകളിലും ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.. ഈ വിഭാഗക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം നഗരസഭയിൽ എത്ര പെൻഷൻകാർക്ക് പത്താം ശമ്പളകമ്മീഷൻ ശുപാർശ പ്രകാരം പെൻഷൻ പരിഷ്കരിച്ചു നൽകി; ഇനി എത്ര പേർക്ക് പെൻഷൻ പരിഷ്കരിച്ച് നൽകാനുണ്ട്; ഇത് എന്നത്തേക്ക് പൂർത്തിയാക്കും എന്നറിയിക്കാമോ; പെൻഷൻ പരിഷ്കരിച്ച് നൽകുന്നതിനുള്ള പ്രധാന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | പെൻഷൻ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പെൻഷൻ പരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ